**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 310** **12-01-2021 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട നിയോജക മണ്ഡലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ. ബി. സതീഷ് | | **Smt. K. K .Shailaja Teacher** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാട്ടാക്കട നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിൽ നടന്ന വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ, മാറനല്ലൂർ, ആമച്ചൽ, പള്ളിച്ചൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം നടത്തിയിട്ടുണ്ട്. കാട്ടാക്കട താലൂക്കിൽ സാമൂഹികാരോഗ്യകേന്ദ്രം മലയിൻകീഴിനെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. മാറനല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും പുതിയ ഐ.പി ബ്ലോക്ക് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിളപ്പിൽ സാമൂഹികാരോഗ്യകേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സെക്കന്ററി പാലിയേറ്റീവ് കെയറിന് ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം കൈവരിക്കാനും സാധിച്ചിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളായ കാട്ടാക്കട, മലയിൻകീഴ്, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ, പള്ളിച്ചൽ എന്നിവിടങ്ങളിലെ ആരോഗ്യ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ തരംതിരിച്ചും പഞ്ചായത്ത് തിരിച്ചും വിശദമാക്കാമോ? | (ബി) | കാട്ടാക്കട താലൂക്കിൽ ആമച്ചൽ പ്രാഥമികാരോഗ്യ കേന്ദ്രം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലബോറട്ടറി ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടാക്കട താലൂക്കിൽ സാമൂഹികാരോഗ്യകേന്ദ്രം മലയിൻകീഴിനെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തുകയും പുതുതായി 6 ഡോക്ടർമാർ ഉൾപ്പെടെ 11 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആശുപത്രിയ്ക്ക് വേണ്ടി 7 കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റ് അനുവദിക്കുകയും ആയതിന്റെ നിർമ്മാണ പണികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ആശുപത്രിയ്ക്ക് പുതിയ കെട്ടിടം പണിയുന്നതിനായി കിഫ്ബി മുഖേന 23.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയ്ക്കു വേണ്ടി ബഹു.എം.പി. ഡോ. റ്റി.എൻ |

സീമ അവർകളുടെ ഫണ്ടിൽ നിന്നും 21,00,000/- രൂപ ചെലവഴിച്ച് ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിച്ചു. ബഹു. എം.പി. ഡോ. എ. സമ്പത്ത് അവർകളുടെ ഫണ്ടിൽ നിന്നും പാലീയേറ്റീവ് കെയർ യൂണിറ്റിനു വേണ്ടി രണ്ട് ആംബുലൻസുകൾ വാങ്ങിയിട്ടുണ്ട്. പഞ്ചായത്ത്ഫണ്ട് ഉപയോഗിച്ച് എ.സി.കോൺഫറൻസ് ഹാൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. വിളപ്പിൽ സാമൂഹികാരോഗ്യകേന്ദ്രത്തിനു വേണ്ടി ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് സെക്കന്ററി പാലിയേറ്റീവ് കെയർ കൂടുതൽ വിപുലമാക്കാനും ആവശ്യമായ മരുന്നുകൾ നൽകുവാനും കഴിഞ്ഞിട്ടുണ്ട്. മാറനല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ബഹു. എം.എൽ.എ ശ്രീ. ഐ.ബി. സതീഷ് അവർകളുടെ 50,00,000/- രൂപയുടെ ഫണ്ട് ഉപയോഗിച്ച് ഐ.പി.ബ്ലോക്ക് നിർമ്മിച്ചു. 2018-ൽ ബഹു.എം.പി. ഡോ. റ്റി.എൻ സീമ അവർകളുടെ ഫണ്ട് ഉപയോഗിച്ച് ആംബുലൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. വിളപ്പിൽ പഞ്ചായത്തിലെ വിളപ്പിൽ സാമൂഹികാരോഗ്യകേന്ദ്രത്തിൽ സെക്കന്ററി പാലീയേറ്റീവ് കെയറിന് ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആശുപത്രിയിലെ ഇമ്മ്യൂണൈസേഷൻ റൂം പൂർണ്ണമായും എ.സി ആക്കുവാനും അന്താരാഷ്ട്ര നിലവാരത്തിൽ കുട്ടികൾക്കായി പ്രതിരോധ കുത്തിവയ്പ് നൽകുവാനും കഴിഞ്ഞിട്ടുണ്ട്. സ്പോൺസർഷിപ്പിലൂടെ ആശുപത്രിയ്ക്ക് പുതിയൊരു കോൺഫറൻസ് ഹാൾ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കുടിവെള്ള സംവിധാനം മെച്ചപ്പെട്ട രീതിയിൽ ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലും ഒരുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഐ.പി രോഗികൾക്ക് സൗജന്യ ഉച്ചഭക്ഷണം നൽകി വരുന്നു. ക്ഷയരോഗ മുക്തകേരളം പദ്ധതി പ്രകാരം വിളപ്പിൽ പഞ്ചായത്തിൽ അക്ഷയ കേരള പുരസ്കാരം ലഭിക്കുകയുണ്ടായി. ആശുപത്രിയുടെ ലബോറട്ടറി സംവിധാനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി 15,00,000/- രൂപയുടെ ഉപകരണങ്ങൾ സ്പോൺസർഷിപ്പിലൂടെ വാങ്ങുവാൻ കഴിഞ്ഞിട്ടുണ്ട്. ആശുപത്രിയിലെ ഓരോ വാർഡിലെയും ശുചിത്വ മുറികൾ രോഗീസൗഹൃദം ആക്കുന്നതിന്റെ ഭാഗമായി വൃദ്ധരായ രോഗികൾക്കും ഭിന്നശേഷിയുള്ള രോഗികൾക്കും ആയാസരഹിതമായ രീതിയിൽ ഉപയോഗിക്കുന്നതിന് ശുചിത്വമുറികൾ നിർമ്മിച്ചിട്ടുണ്ട്. ഫിസിയോതെറാപ്പി യൂണിറ്റ് ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്താൽ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിളവൂർക്കൽ

| | | | |
|---|---|---|---|
| | | | സാമൂഹികാരോഗ്യകേന്ദ്രത്തിനെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ പണികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത കേന്ദ്രത്തിനു വേണ്ടി 15,50,000/- രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിച്ചൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഈ ആശുപത്രിയിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലബോറട്ടറി ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ